"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2024-25 -കേരള സംസ്ഥാന നിർമ്മിതികേന്ദ്രം - "എറണാകുളത്ത് സെൻട്രൽ ഹൗസിംഗ് ഹബ്" പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.30/2024/HSG തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:- 1. സംസ്ഥാന നിർമ്മിതികേന്ദ്രം ഡയറക്ടറുടെ 14.05.2024 തീയതിയിലെ KESNIK/539/2023-OVSR2(TECH) നമ്പർ കത്ത്.

2. ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ 29.05.2024-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ " എറണാകുളത്ത് സെൻട്രൽ ഹൗസിംഗ് ഹബ്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 2216-80-101-99 എന്ന ശീർഷകത്തിൽ 1,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2) 2024-25 സാമ്പത്തിക വർഷം "എറണാകുളത്ത് സെൻട്രൽ ഹൗസിംഗ് ഹബ്" എന്ന പദ്ധതിയ്ക്ക് പരാമർശം (1) കത്ത് പ്രകാരം സംസ്ഥാന നിർമ്മിതികേന്ദ്രം ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 29.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, 1,00,00,000/- രൂപയിൽ നിജപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം അംഗീകാരം നൽകുകയും ചെയ്തു.

3) ഈ സാഹചര്യത്തിൽ, 2024-25 സാമ്പത്തിക വർഷം "എറണാകുളത്ത് സെൻട്രൽ ഹൗസിംഗ് ഹബ്" എന്ന പദ്ധതിയിലെ ചുവടെ ചേർക്കുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിന് 2216-80-101-99 എന്ന ശീർഷകത്തിൽ നിന്നും 1,00,00,000/- രൂപയിൽ (ഒരു കോടി രൂപ മാത്രം) നിജപ്പെടുത്തി ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No | Component | Amount(Rs.in lakhs) |
|---|---|---|
| 1 | Exhibition Cum Seminar Hall | 70 |
| 2 | Sales Outlet | 30 |

i. കേരള സംസ്ഥാന നിർമ്മിതികേന്ദ്രം പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായിരിക്കും. കൂടാതെ സംസ്ഥാന നിർമ്മിതികേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനം

ഉപയോഗപ്പെടുത്തേണ്ടതാണ്.

ii. നിർമ്മാണം, നവീകരണം, ആധുനികവത്ക്കരണം എന്നിവ ആവശ്യമുള്ളിടത്ത് PRICE സോഫ്റ്റ് വെയർ ഉപയോഗിക്കണം.

iii. പദ്ധതിയുടെ കാലാവധി ഒരു വർഷമായിരിക്കും.

iv. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ച് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

v. നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതും ബജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും മാത്രം തുക കണ്ടെത്തേണ്ടതുമാണ്.

vi. ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നൽകുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

vii. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കപ്പെടേണ്ടതാണ്.

viii. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

ix. സിവിൽ വർക്കുകൾക്ക്, CPWD നിരക്കുകൾ ബാധകമാണ്.

x. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം.
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 15-06-2024 14:41:38
സെക്ഷൻ ഓഫീസർ